LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസി

75 [2795] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്ക്കരിച്ച മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പരിപാടിയുടെ നടത്തിപ്പിനായി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇതിന്റെ നോഡൽ ഏജൻസി ആക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ ബോർഡിൽ അംഗത്വമുള്ളവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഈ ബോർഡിൽ അംഗത്വമുള്ളവർക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

അപകടത്തിൽപ്പെട്ട് മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കിട്ടുന്ന ധനസഹായം

76 [2796] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ ഒരു ലക്ഷം രൂപ പ്രസ്തുത തൊഴിലാളിയുടെ കുടുംബത്തിന് നൽകുന്ന സ്കീം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ധനസഹായം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) ഈ ഇനത്തിൽ എന്തു തുക എത്രപേർക്ക് കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ധനസഹായം അടിയന്തിരമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?